## നിറംമങ്ങിയ പെരുന്നാള്‍

എഴുപതിലെ കുഴപ്പങ്ങളില്‍ ജല്‍ഗാവ് അന്തര്‍ദേശീയതലത്തില്‍ പ്രസിദ്ധിയാര്‍ജിച്ചിരുന്നു. കലാപകാരികള്‍ ഹാജറാബി എന്ന ഒരു സ്ത്രീയുടെ കുഞ്ഞിനെ തീയിലേക്കെറിഞ്ഞു. പ്രധാനമന്ത്രി ഇന്ദിരാഗാന്ധി സംഭവങ്ങളില്‍ അതീവ ദുഃഖം പ്രകടിപ്പിച്ചു.

കുഴപ്പം കെട്ടടങ്ങിയപ്പോള്‍ വിപുലമായ റിലീഫ് പ്രവര്‍ത്തനങ്ങള്‍ ആവശ്യമായി വന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവര്‍ത്തകര്‍ വീടുകള്‍ തോറും കയറിയിറങ്ങി കലാപബാധിതര്‍ക്കു സഹായമെത്തിക്കുകയും അവരെ സമാശ്വസിപ്പിക്കുകയും ചെയ്തു. ദുഃഖിതരായ ജനങ്ങളോട് യാതൊരു വിവേചനവും കാണിക്കാതെ ആവശ്യമായ സഹായങ്ങള്‍ എത്തിച്ചുകൊടുത്തു. ജമാഅത്തു പ്രവര്‍ത്തകരുടെ അങ്ങേയറ്റത്തെ വിശ്വസ്തതയോടുകൂടിയുള്ള റിലീഫ് പ്രവര്‍ത്തനത്തെ എന്റെ ഗ്രാമവാസികള്‍ വളരെയധികം പ്രശംസിച്ചു എന്നല്ല അവരോടൊപ്പം കൂടി തങ്ങളാലാവുന്ന സേവനങ്ങള്‍ ചെയ്യാന്‍ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു.

കുറച്ചു മാസങ്ങള്‍ക്കു ശേഷം ജമാഅത്തെ ഇസ്‌ലാമി നേതാക്കളിലൊരാളായ മൗലാനാ നിസാമുദ്ദീന്‍ സാഹിബിന്റെ ഒരു പ്രസംഗം സംഘടിപ്പിക്കപ്പെട്ടു. അമുസ്‌ലിംകള്‍ തിങ്ങിത്താമസിക്കുന്ന പ്രദേശം. കുഴപ്പങ്ങളുടെ ചൂടും പുകയും തങ്ങിനില്‍ക്കുന്ന അന്തരീക്ഷം. മുസ്‌ലിം സംഘടനകളുടെ ഒരു നേതാവ് ഇവിടെ വന്ന് എന്താണ് ചെയ്യാനുദ്ദേശിക്കുന്നത്? വീണ്ടുമൊരു കുഴപ്പത്തിന്റെ വിഷബീജങ്ങള്‍ വിതറാനാണോ? മുസ്‌ലിംകളില്‍ പ്രതികാരദാഹത്തിന്റെ വിത്തുപാകാനാണോ? ജനങ്ങളില്‍ എന്താണിവിടെ നടക്കാന്‍ പോകുന്നതെന്നറിയാനുള്ള വമ്പിച്ച ജിജ്ഞാസയുണ്ടായി. ഹിന്ദുക്കളും മുസ്‌ലിംകളുമടങ്ങുന്ന ഒരു വലിയ ജനക്കൂട്ടം തടിച്ചുകൂടി. പോലീസ് കനത്ത ബന്തവസ്സ് ഏര്‍പെടുത്തി. സ്ഥലത്തെ മുസ്‌ലിംകളില്‍ കുറച്ചു പേര്‍ മാത്രമേ അവിടെ സന്നിഹിതരായിരുന്നുള്ളൂ. അവര്‍തന്നെ ഭയചകിതരായി അവിടെയുമിവിടെയും അടങ്ങിയൊതുങ്ങിയിരുന്നു. നിശ്ചിത സമയത്തുതന്നെ നിസാമുദ്ദീന്‍ സാഹിബ് വന്നു. നബി തിരുമേനിയുടെ ചര്യകളെക്കുറിച്ച് ലളിതസുന്ദരമായ ശൈലിയില്‍ അദ്ദേഹം പറഞ്ഞുതുടങ്ങി. ശ്രോതാക്കള്‍ക്കിടയില്‍ നിശ്ശബ്ദത വീണുറങ്ങി. ആയിരത്തില്‍പരം അമുസ്‌ലിം സുഹൃത്തുക്കള്‍ ആദ്യന്ത്യം നിശബ്ദരായി കാതോര്‍ത്തിരുന്നു. ആ രംഗം ഇന്നും ഞാനോര്‍ക്കുന്നു. നിസാമുദ്ദീന്‍ സാഹിബ് സ്റ്റേജില്‍നിന്ന് ഇറങ്ങിയപ്പോള്‍ ഇരു ഭാഗങ്ങളിലൂടെയും അമുസ്‌ലിം സഹോദരങ്ങള്‍ നിരനിരയായി മുന്നോട്ടു വന്ന് അദ്ദേഹത്തെ ഹസ്തദാനം ചെയ്യുകയും ആശ്ലേഷിക്കുകയും ചെയ്തു.

ആയിടക്കുതന്നെ കലാപബാധിത പ്രദേശത്ത് വര്‍ഷം തോറുമുള്ള സകാത്ത് സദഖകളുടെ വിതരണവും തുടങ്ങി. കലാപബാധിതരുടെ അയല്‍വാസികള്‍ അവരോട് വന്നു ചോദിക്കുകയായിരുന്നു. ഇന്നലെ നിങ്ങളുടെ വീട്ടില്‍ വരികയും സഹായങ്ങള്‍ തരികയും ചെയ്തവര്‍ നിങ്ങളുടെ ബന്ധുക്കളാണോ? വര്‍ഷം തോറും പെരുന്നാള്‍ ദിവസം നിങ്ങള്‍ക്ക് സഹായമെത്തിച്ചുതരുന്ന ആ മനുഷ്യര്‍ ആരാണ്? മറുപടിയായി അവര്‍ ഇങ്ങനെ പറഞ്ഞു: ''ഇതിനുമുമ്പ് അവരുടെ ഊരോ പേരോ ഒന്നും ഞങ്ങള്‍ അറിയുമായിരുന്നില്ല. അല്ലാഹുവിന്റെ പ്രീതിയല്ലാതെ മറ്റൊന്നും ആഗ്രഹിക്കാത്ത നല്ലവരായ ഒരു കൂട്ടം മനുഷ്യരാണവര്‍...''

അടിയന്തരാവസ്ഥകാലത്ത് ജമാഅത്തു പ്രവര്‍ത്തകര്‍ അറസ്റ്റുചെയ്യപ്പെട്ടു. പെരുന്നാള്‍ ദിവസം സമാഗതമായപ്പോള്‍ വര്‍ഷം തോറും ഈദ് ദിനത്തില്‍ തങ്ങളെ സന്ദര്‍ശിക്കുകയും ആവശ്യമായ സഹായങ്ങള്‍ തരികയും ചെയ്തിരുന്ന നല്ലവരായ ആ മനുഷ്യരെ പതിവുപോലെ അവര്‍ കാത്തിരുന്നു. പക്ഷേ, അവരാരും അന്നു വന്നില്ല. പെരുന്നാളിനുദിച്ച ബാലചന്ദ്രന്‍ വളര്‍ന്ന് പൂര്‍ണതയിലെത്തി. അന്യരുടെ മുമ്പില്‍ കൈനീട്ടാന്‍ ശീലിച്ചിട്ടില്ലാത്ത ആ പാവങ്ങളുടെ പ്രതീക്ഷകളെല്ലാം നഷ്ടപ്പെട്ടു. നല്ലവരായ ആ മനുഷ്യരെ പ്രതീക്ഷിച്ച് അവര്‍ വീടുവിട്ടിറങ്ങി. കണ്ടവരോടെല്ലാം ചോദിച്ചു. എല്ലാവര്‍ഷവും പെരുന്നാളിന് ഞങ്ങളുടെ വീടുകളില്‍ വന്നിരുന്ന, ഞങ്ങള്‍ക്ക് സഹായങ്ങള്‍ ചെയ്തുതന്നിരുന്ന ആ മനുഷ്യര്‍ എവിടെപ്പോയി? അവര്‍ മറ്റേതെങ്കിലും നഗരത്തിലേക്ക് താമസം മാറിപ്പോയോ? വേവലാതിപൂണ്ട ആ പാവങ്ങളുടെ വാക്കുകള്‍ പള്ളിയിലിരുന്ന് ഞങ്ങള്‍ കേട്ടു. ദുഃഖം മൂലം ഒരക്ഷരം ഉരിയാടാന്‍ ഞങ്ങള്‍ക്കു കഴിഞ്ഞില്ല. നൂറ്റാണ്ടുകളുടെ സംഭവങ്ങള്‍ക്ക് മൂകമായി സാക്ഷ്യംവഹിച്ച പള്ളി ഭിത്തികള്‍ ഞങ്ങളുടെ മുഖത്ത്നോക്കി പറയുന്നതുപോലെ തോന്നി: ''പറയൂ... ആ പാവങ്ങളോട് സത്യം തുറന്നുപറയൂ.''

**അനീസ് അഹ്മദ്, ബോംബെ**